**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 474** **08-10-2024 - ൽ മറുപടിയ്ക്ക്**

**മുക്കം പാലം നിർമ്മാണത്തിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ തടസ്സവാദങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റിൽ 20% തുക അനുവദിച്ച മുക്കം പാലം നിർമ്മാണത്തിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിഷേധ അഭിപ്രായ കുറിപ്പുമൂലം ഭരണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **മുക്കം പാലം നിർമ്മാണത്തിന്റെ 7.2 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് സമർപ്പിച്ചു. ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥല പരിശോധന നടത്തുകയും ടി പാലത്തിന് നടപ്പാത ഇല്ലായെന്നും കൂടാതെ ഇതേ റൂട്ടിൽ ഇത്തരത്തിൽ മറ്റൊരു പാലം (Areakode bridge) ഉള്ളതായും കണ്ടെത്തി. ആയതിനാൽ ഒരു പുതിയ പാലം ഇപ്പോൾ ആവശ്യമില്ലായെന്നും പകരം ഒരു സ്റ്റീൽ ഫൂട്ട് ബ്രിഡ്ജ് നിർമ്മിച്ച് നിലവിലുള്ള പാലത്തിന് അറ്റകുറ്റ പണികൾ നടത്തിയാൽ മതിയാകുമെന്നും കണ്ടെത്തുകയും അപ്രകാരം പ്രസ്തുത പ്രൊപോസൽ പുനഃപരിശോധിക്കുവാനും ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു.**<br><br>**ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഈ അഭിപ്രായം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. തിരുവമ്പാടി എം.എൽ.എ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ മുക്കം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന വിഷയം ധനവകുപ്പ് പരിശോധിച്ച് വരുന്നു.** |
| (ബി) | എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | **മുക്കം പാലം നിർമ്മാണത്തിന്റെ 7.2 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് സമർപ്പിച്ചു. ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥല പരിശോധന നടത്തുകയും ടി പാലത്തിന് നടപ്പാത ഇല്ലായെന്നും കൂടാതെ ഇതേ റൂട്ടിൽ ഇത്തരത്തിൽ മറ്റൊരു പാലം (Areakode bridge) ഉള്ളതായും കണ്ടെത്തി. ആയതിനാൽ ഒരു പുതിയ പാലം ഇപ്പോൾ ആവശ്യമില്ലായെന്നും പകരം ഒരു സ്റ്റീൽ ഫൂട്ട് ബ്രിഡ്ജ് നിർമ്മിച്ച് നിലവിലുള്ള പാലത്തിന് അറ്റകുറ്റ പണികൾ നടത്തിയാൽ മതിയാകുമെന്നും കണ്ടെത്തുകയും അപ്രകാരം പ്രസ്തുത പ്രൊപോസൽ പുനഃപരിശോധിക്കുവാനും ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു.** |

| | | | |
|---|---|---|---|
| | | | **ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഈ അഭിപ്രായം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. തിരുവമ്പാടി എം.എൽ.എ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ മുക്കം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന വിഷയം ധനവകുപ്പ് പരിശോധിച്ച് വരുന്നു.** |
| (സി) | നയപരമായ കാര്യങ്ങളിൽ ഇൻസ്പെക്ഷൻ വിംഗ് രേഖപ്പെടുത്തുന്ന, മതിയായ കാരണങ്ങളില്ലാതെയുള്ള വിരുദ്ധാഭിപ്രായം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (സി) | വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ സാങ്കേതിക വശങ്ങൾ സംബന്ധിച്ച അഭിപ്രായമാണ് ചീഫ് ടെക്നിക്കൽ എക്സാമിനർ രേഖപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ